**New Age, Thiruvananthapuram, Sep 21**

# ടിസിഎസ് ഐടി വിസ് ക്വിസ് ഒക്ടോബർ 5 ന്

തിരുവനന്തപുരം: പ്രമുഖ ഐടി സർവീസസ് കൺസൾട്ടിംഗ് ബിസിനസ് സൊലുഷൻസ് സ്ഥാപനമായ ടാറ്റാ കൺസൾട്ടൻസി സർവീസസ് ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന ഐടി വിസ് ക്വിസ് മത്സരത്തിന്റെ കേരള എഡിഷൻ ഒക്ടോബർ 5 ന് കൊച്ചിയിൽ നടക്കും. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം.കൊച്ചി ഗോഗുലം കൺവെൻഷൻ സെന്ററിലാണ് കേരള എഡിഷൻ മത്സരങ്ങൾ നടക്കുക. 14 പ്രാദേശിക കേന്ദ്രങ്ങളിൽ നിന്നും യുഎഇ എഡിഷനിലും വിജയികളാകുന്നവർ ഡിസംബറിൽ ദേശീയ തലത്തിൽ മത്സരിക്കും. പ്രാദേശിക തലത്തിൽ വിജയികളാകുന്നവർക്ക് ട്രോഫിക്ക് പുറമേ ഗ്യാലക്സി നോട്ട്, ഗ്യാലക്സി ടാബ് എന്നിവ സമ്മാനമായി ലഭിക്കും. മത്സരാർത്ഥികൾക്ക് പഠിക്കുന്ന വിദ്യാലയത്തിൽ നിന്നും ടിസിഎസ് ഐടി വിസ് കോർഡിനേറ്റർ, ടിസിഎസ്, തേജോമയ, ഇൻഫോപാർക്ക്, കൊച്ചി -30 എന്ന വിലാസത്തിൽ അപേക്ഷകൾഅയക്കാം.

www.tcsitwiz.com എന്ന വെബ് സൈറ്റിൽ ഓൺലൈനായും പേര് രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 2 ആണ് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി.